**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5163** **12-08-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രാവിഷ്കൃതപദ്ധതികളിലെ കേന്ദ്ര-സംസ്ഥാന വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രാവിഷ്കൃതപദ്ധതികളിൽ കേന്ദ്രവിഹിതം കുറയ്ക്കുകയും സംസ്ഥാനവിഹിതം വർദ്ധിപ്പിക്കുകയും ചെയ്ത പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റ പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനു ശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്. കോർ ഓഫ് ദ കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്. കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു. ഓപ്ഷണൽ |

| | | | |
|---|---|---|---|
| | | | ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. 2015-16 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് പ്രകാരം 1806 കോടി രൂപയുടെ അധിക ബാധ്യതയാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതത്തിൽ വന്ന മാറ്റം മൂലം സംസ്ഥാനത്തിന് ഉണ്ടായത്. ഈ അധിക ബാധ്യതയിൽ, തുടർവർഷങ്ങളിൽ കേന്ദ്രസർക്കാർ കോർ സ്കീമുകളുടെ പട്ടികയിൽ കൂടുതൽ പദ്ധതികളെ ഉൾപ്പെടുത്തിയത് അനുപാതികമായ വർദ്ധനവിന് കാരണമായിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്തിന് ഈ ഇനത്തിൽ വന്ന അധികബാധ്യതയുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ? | (ബി) | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനു ശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്. കോർ ഓഫ് ദ കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്. കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയി ട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു. ഓപ്ഷണൽ ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം |

| | | | |
|---|---|---|---|
| | | | 50:50 എന്ന അനുപാതത്തിലാണ്. പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. 2015-16 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് പ്രകാരം 1806 കോടി രൂപയുടെ അധിക ബാധ്യതയാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതത്തിൽ വന്ന മാറ്റം മൂലം സംസ്ഥാനത്തിന് ഉണ്ടായത്. ഈ അധിക ബാധ്യതയിൽ, തുടർവർഷങ്ങളിൽ കേന്ദ്രസർക്കാർ കോർ സ്കീമുകളുടെ പട്ടികയിൽ കൂടുതൽ പദ്ധതികളെ ഉൾപ്പെടുത്തിയത് അനുപാതികമായ വർദ്ധനവിന് കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**Rationalized Centrally Sponsored Schemes in accordance with the National Development Agenda**

| Sl. No. | | Name of the Centrally Sponsored Schemes (CSSs) |
|---|---|---|
| (A) | | **Core of the Core Schemes** |
| 1 | | National Social Assistance Programme |
| 2 | | Mahatma Gandhi National Rural Employment Guarantee Programme |
| 3 | | Umbrella Scheme for Development of Scheduled Castes |
| 4 | | Umbrella Scheme for Development of Scheduled Tribes |
| 5 | | Umbrella Programme for Development of Minorities |
| 6 | | Umbrella Scheme for Development of Backward Classes, Differently Abled and other Vulnerable Groups |
| (B) | | **Core Schemes** |
| 7 | | Green Revolution (Krishi Unnati Schemes and Rashtriya KrishiVikas Yojana) |
| 8 | | White Revolution (Animal Husbandry and Dairying) |
| 9 | | Blue Revolution (Integrated Development of Fisheries) |
| 10 | | Pradhan Mantri Krishi Sinchai Yojana |
| | a | Har Khet ko Pani |
| | b | Per Drop More Crop |
| | c | Integrated Watershed Development Programme |
| | d | Accelerated Irrigation Benefit and Flood Management Programme |
| 11 | | Pradhan Mantri Gram Sadak Yojana (PMGSY) |
| 12 | | Pradhan Mantri Awas Yojana (PMAY) |
| | a | PMAY-Rural |
| | b | PMAY-Urban |
| 13 | | National Rural Drinking Water Mission |
| 14 | | Swachh Bharat Mission (SBM) |
| | a | SBM-Rural |

| | | |
|---|---|---|
| | b | SBM-Urban |
| 15 | | National Health Mission (NHM) |
| | a | National Rural Health Mission |
| | b | National Urban Health Mission |
| | c | Tertiary Care Programmes |
| | d | Human Resources in Health and Medical Education |
| | e | National Mission on AYUSH |
| 16 | | Rashtriya Swasthya Suraksha Yojana (erstwhile RSBY) |
| 17 | | National Education Mission (NEM) |
| | a | Sarva Shiksha Abhiyan |
| | b | Rashtriya Madhyamik Shiksha Abhiyan |
| | c | Teachers Training and Adult Education |
| | d | Rashtriya Uchch Shiksha Abhiyan |
| 18 | | Mid Day Meal Programme |
| 19 | | Integrated Child Development Services |
| | a | Anganwadi Services |
| | b | National Nutrition Mission |
| | c | Maternity Benefits Programme |
| | d | Scheme for Adolescent Girls |
| | e | Integrated Child Protection Scheme |
| | f | National Creche Scheme |
| 20 | | Mission for Protection and Empowerment for Women (beti bachao-beti padao, one-stop centre, women helpline, hostels, swadhar greh, gender budgeting etc.) |
| 21 | | National Livelihood Mission (NLM) |
| | a | National Rural Livelihood Mission |
| | b | National Urban Livelihood Mission |
| 22 | | Jobs and Skill Development |
| | a | Employment Generation Programmes |
| | b | Pradhan Mantri Kaushal Vikas Yojna |

| | | |
|---|---|---|
| 23 | | Environment, Forestry and Wildlife (EFWL) |
| | a | National Mission for a Green India |
| | b | Integrated Development of Wildlife Habitats |
| | c | Conservation of Natural Resources and Ecosystems |
| | d | National River Conservation Programme |
| 24 | | Urban Rejuvenation Mission<br>(AMRUT and Smart Cities Mission) |
| 25 | | Modernization of Police Forces (including Security Related Expenditure) |
| 26 | | Infrastructure Facilities for Judiciary (including Gram Nyayalayas & e-Courts |
| **(C)** | | **Optional Schemes** |
| 27 | | Border Area Development Programme |
| 28 | | Shyama Prasad Mukherjee Rurban Mission |

Rani NS